**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1750** **13-02-2025 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെന്ററുകൾക്ക വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ട്രാൻസ്ജെന്ററുകളുടെ പുനരധിവാസവും ക്ഷേമവും മുൻനിർത്തി എന്തൊക്കെ ക്ഷേമ പദ്ധതികളാണ് വകുപ്പ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്നും; ഈ വർഷം പ്രസ്തുത പദ്ധതികൾക്കായി എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (എ) | സാമൂഹ്യനീതി വകുപ്പ് മുഖേന ട്രാൻസ്ജെൻഡർ ക്ഷേമവുമായി ബന്ധപ്പെട്ട് 'മഴവില്ല്' എന്ന പേരിൽ ഒരു സമഗ്രപദ്ധതി ആവിഷ്കരിക്കുകയും, അതിന്റെ കീഴിൽ വിദ്യാഭ്യാസം, പാർപ്പിടം, ആരോഗ്യ സംരക്ഷണം, സെക്സ് റീ അസ്സെസ്സ്മെന്റ് സർജറിക്ക് ധനസഹായം , തൊഴിലധിഷ്ഠിത - നൈപുണ്യ വികസന പരിശീലനം, സ്വയം തൊഴിൽ, പൊതുമേഖലയിലും സ്വകാര്യമേഖലയിലും തൊഴിൽ, സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ, മാനസിക-സാമൂഹികമായ ഇടപെടലുകൾ, സോഷ്യൽ ഇൻക്ലൂസിവ് നെസ് തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതികൾക്കായി 4,98,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## സംസ്ഥാനത്തു ട്രാൻസ്ജെൻഡറുകളുടെ പുനരധിവാസവും ക്ഷേമവും മുൻനിർത്തി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

### I. വിദ്യാഭ്യാസം

1. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള സ്കോളർഷിപ്പ്

നിലവിൽ സ്കൂളുകളിൽ/ കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ് നൽകുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം സ്കൂൾതലം മുതൽ പ്രൊഫെഷണൽ ഡിഗ്രീ തലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം നൽകിവരുന്നു.

- സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000/- രൂപയും.
- പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് പ്രതിമാസം 1500/- രൂപയും.
- കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000/- രൂപയും ആണ് സ്കോളർഷിപ് തുക.

2. 'സമന്വയ' തുടർവിദ്യാഭ്യാസ പദ്ധതി

ട്രാൻസജെൻഡർ വ്യക്തികൾക്ക് തുടർവിദ്യാഭ്യാസം നൽകുന്നതിനായി 'സമന്വയ' എന്ന പേരിൽ ഒരു പദ്ധതി കേരള സംസ്ഥാന സാക്ഷരത മിഷൻ മുഖേന നടപ്പിലാക്കി വരുന്നു.

- അടിസ്ഥാന സാക്ഷരത, നാലാംതരം, എഴാംതരം, പത്താംതരം, പന്ത്രണ്ടാംതരം എന്നീ വിദ്യാഭ്യാസ പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നത്.
- പഠിതാക്കൾക്ക് വിദ്യാഭ്യാസ സഹായവും താമസസൗകര്യവും ഇതോടൊപ്പം നടപ്പിലാക്കിവരുന്നു.

3. 'സഫലം ' പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി

അർഹരായ ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് മെച്ചപ്പെട്ട പഠന സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർഥികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതിയാണ് "സഫലം". പരമാവധി ഒരു ലക്ഷം രൂപ വരെ വാർഷിക പഠനച്ചെലവിനായി അനുവദിക്കുന്നു.

4. "വർണ്ണം" വിദൂരവിദ്യാഭ്യാസ ധനസഹായ പദ്ധതി

കോളേജുകളിൽ പോകാൻകഴിയാതെ വിദൂരവിദ്യാഭ്യാസ സംവിധാനത്തിൽക്കൂടി സംസ്ഥാനത്ത് ഡിഗ്രി/ പി.ജി തുടങ്ങിയ ഉന്നത കോഴ്സുകളിൽ നിരവധി ട്രാൻസ്ജെൻഡർ വിദ്യാർഥികൾ പഠനം നടത്തുന്നുണ്ട്. വിദൂരവിദ്യാഭ്യാസത്തിനായി പ്രതിവർഷം 24000/- (ഇരുപത്തിനാലായിരം) രൂപ നിരക്കിൽ പി ജി വിദ്യാർഥികൾക്ക് 2 വർഷ കാലയളവിലേക്കും യു.ജി വിദ്യാർഥികൾക്ക് 3 വർഷ കാലയളവിലേക്കും തുക അനുവദിക്കുന്നു.

5. മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കായി 'യത്നം' പദ്ധതി

പി.എസ്.സി, യു.പി.എസ്.സി, ബാങ്ക് സർവീസ്, RRB, യു.ജി.സി/നെറ്റ്/ ജെ.ആർ.എഫ്, CAT/MAT തുടങ്ങിയ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പരിശീലനത്തിനായുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിന് യത്നം എന്ന പേരിൽ ഒരു പദ്ധതി ഉണ്ട്.

വിവിധ മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് 6 മാസം വരെയുള്ള പരിശീലനത്തിന് 6,000/- രൂപയും സ്റ്റൈപ്പൻറ് ഇനത്തിൽ ഒറ്റത്തവണയായി 2,500/- രൂപയും പി.എസ്.സി, യൂ.പി.എസ്.സി, ബാങ്ക് സർവീസ്, RRB, യു.ജി.സി/നെറ്റ്/ജെ.ആർ.എഫ്, CAT/MAT തുടങ്ങിയ മത്സരപരിക്ഷകൾക്കുള്ള പരിശീലനത്തിന് കോഴ്സ് ഫീസ് 1 വർഷത്തേക്ക് പരമാവധി 20,000/- രൂപയും സ്റ്റൈപ്പൻറ് ഇനത്തിൽ പ്രതിമാസം 2,000/- രൂപ വീതം പരമാവധി 10 മാസത്തേക്കും അനുവദിക്കുന്നു.

## II. ഷെൽട്ടർ/ഹൗസിങ് സ്കീമുകൾ

6. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4000/- രൂപ ഹോസ്റ്റൽ സൗകര്യം/താമസ സൗകര്യം ഉറപ്പാക്കുന്നതിനായി ധനസഹായം അനുവദിച്ചുവരുന്നു.

7. ട്രാൻസ്ജെൻഡർ ഷെൽട്ടർ ഹോം

സംസ്ഥാനത്ത് പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരി എന്നിവയെത്തുടർന്ന് ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റി നേരിട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായാണ് ട്രാൻസ്ജെൻഡർ ഷോർട്ട് സ്റ്റേ ഹോമുകൾ സ്ഥാപിച്ചത്.

എറണാകുളം ജില്ലയിൽ സ്നേഹജ്യോതി ചാരിറ്റബിൾ ട്രസ്റ്റ് മുഖേന ട്രാൻസ് വുമൺ വ്യക്തികൾക്കായും, തിരുവനന്തപുരം ജില്ലയിൽ മാർത്തോമ്മാ നവോദയ മൂവ്മെന്റ് മുഖേന ട്രാൻസ്മാൻ വ്യക്തികൾക്കായും ഹോമുകൾ പ്രവർത്തിപ്പിച്ചുവരുന്നു.

8. ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ

ട്രാൻസ്ജെൻഡർ വ്യക്തികൾ നിലവിൽ സാമൂഹികമായി പലവിധത്തിലുള്ള അതിക്രമങ്ങൾ നേരിടുന്നുണ്ട്. പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ, സമൂഹത്തിൽ നിന്നും, കുടുംബങ്ങളിൽ നിന്നും

നേരിടുന്ന ശാരീരിക, മാനസിക പീഡനങ്ങൾ, ലിംഗമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട പരാതികൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ തമ്മിലുള്ള പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനായി ആധുനിക വിവരസാങ്കേതിക സജ്ജീകരണങ്ങളുള്ള ഒരു ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ എറണാകുളത്ത് കാക്കനാട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.പ്രതിസന്ധിഘട്ടങ്ങൾ തരണംചെയ്യുന്നതിനും, സാധാരണ നിലയിലേയ്ക്ക് ഒരു വ്യക്തിയെ മടങ്ങാൻ സഹായിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ആത്യന്തികമായ ഉദ്ദേശ്യം.

## III. <u>തൊഴിൽ</u>

<u>9. ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള സ്വയം തൊഴിൽ ധനസഹായം</u>

സാമ്പത്തികമായും, തൊഴിൽപരമായും പിന്നാക്കാവസ്ഥ നേരിടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക്/ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിന് വനിതാവികസന കോർപ്പറേഷന്റെ സഹകരണത്തോടെ വായ്പ അനുവദിക്കുന്ന പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്ക് 3,00,000/- രൂപയും, ഗ്രൂപ്പുകൾക്ക് 5,00,000/- രൂപ വരെയും പരമാവധി വായ്പ അനുവദിച്ചു വരുന്നു.

<u>10. 'സാകല്യം' പദ്ധതി</u>

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകി സ്വയംപ്രാപ്തരായി ജീവിക്കുന്നതിനു സന്ദർഭമൊരുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതിവകുപ്പ് ആരംഭിച്ച പദ്ധതിയാണ് "സാകല്യം".

## IV. <u>ആരോഗ്യം</u>

<u>11. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയ ധനസഹായം</u>

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായി ട്രാൻസ് വുമൺ വ്യക്തികൾക്ക് പരമാവധി 2.5 (രണ്ടര ലക്ഷം) ലക്ഷം രൂപയും, ട്രാൻസ് മെൻ വ്യക്തികൾക്ക് പരമാവധി 5 ലക്ഷം രൂപയും അനുവദിക്കുന്നു.

<u>12. ലിംഗമാറ്റ ശസ്ത്രക്രിയയെ തുടർന്നുള്ള തുടർചികിത്സയ്ക്ക് ധനസഹായം</u>

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ശസ്ത്രക്രിയ കഴിഞ്ഞതിനുശേഷമുള്ള ഒരു വർഷക്കാലയളവിലേയ്ക്ക് പ്രതിമാസം 3000/- രൂപ നിരക്കിൽ അനുവദിച്ചുവരുന്ന പദ്ധതിയാണിത്.

<u>13. 'കരുതൽ' പദ്ധതി</u>

ലിംഗമാറ്റ ശസ്ത്രക്രിയയുടെ ഭാഗമായും, ഹോർമോൺ ചികിത്സകൾ തുടർന്നുവരുന്ന

സാഹചര്യത്തിലും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരാണ് ട്രാൻസ്ജെൻഡർ വ്യക്തികൾ. ഇത്തരം പ്രതിസന്ധികൾ, അപകടങ്ങൾ, പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ ഉടൻ പരിഹാരം കണ്ടെത്തുന്നതിനാണ് കരുതൽ പദ്ധതി നടപ്പിലാക്കിയത്.

## V. മറ്റ് പദ്ധതികൾ

### 14. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള വിവാഹധനസഹായ പദ്ധതി

സമൂഹത്തിൽ പുറംതള്ളപ്പെട്ടുപോയ ട്രാൻസ്ജെൻഡർ വ്യക്തികൾ നിയമപരമായി വിവാഹം കഴിച്ച് കുടുംബജീവിതംനയിക്കാൻ സന്നദ്ധരാകുന്നപക്ഷം അവരുടെ സാമൂഹ്യജീവിതത്തിന്റെ തുടർച്ച സാധ്യമാക്കുന്നതിന് വിവാഹധനസഹായം ഒരു പരിധിവരെ സഹായകരമാകുമെന്ന് വിലയിരുത്തപ്പെടുന്നു. ഈ സാഹചര്യത്തിൽ നിയമപരമായി വിവാഹംചെയ്ത ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 30,000/- രൂപ വിവാഹധനസഹായമായി അനുവദിച്ചുവരുന്നു.

### 15. 'അനന്യം' പദ്ധതി

കലാപരമായി മികവു പുലർത്തുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പ്രസ്തുത മേഖലയിൽ കൂടുതൽ ശോഭിക്കുന്നതിനും, ഒരു കലാസംഘം വിവിധ വേദികളിൽ പ്രകടനം നടത്തുന്നതിനും കലയെ ഉപജീവന മാർഗമായി സ്വീകരിച്ച് സാമ്പത്തികമായി മെച്ചപ്പെട്ട നിലയിലേയ്ക്ക് ഉയരുന്നതിനുമായ സാഹചര്യം ഒരുക്കുന്നതിനും സമൂഹത്തിൽ കൂടുതൽ സ്വീകാര്യത ലഭിക്കുന്നതിനും സാമ്പത്തികമായ ഉന്നമനം നേടുന്നതിനും പര്യാപ്തമാകുന്ന നിലയിൽ സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ട്രാൻസ്ജെൻഡർ കലാടീം രൂപീകരിച്ച് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതിയാണ് അനന്യം പദ്ധതി.

### 16. സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ

ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന സാമൂഹിക പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും സേവനങ്ങളുടെ ലഭ്യതയും തുല്യഅവകാശങ്ങളും ഉറപ്പ് വരുത്തുനതിനുമായി സമൂഹത്തിന്റെ നിലവിലുള്ള ചിന്താഗതിയ്ക്ക് മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. ശരിയായ രീതിയിലുള്ള ബോധവത്ക്കരണം വഴി മാത്രമേ ഇതു സാധ്യമാകൂ. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, ജനപ്രതിനിധികൾ, ടാൻസ്ജെൻഡർ കമ്മ്യൂണിറ്റി അംഗങ്ങൾ എന്നിവർക്ക് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു.

### 17. "വർണ്ണപ്പകിട്ട് " - ട്രാൻസ്ജെൻഡർ കലോത്സവം

പൊതുസമൂഹത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ദൃശ്യത പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ സർഗ്ഗവാസനയും കലാഭിരുചിയും പരിപോഷിപ്പിക്കുന്നതിനുമായി വർണ്ണപ്പകിട്ട് എന്ന പേരിൽ ടാൻസ്ജെൻഡർ കലോത്സവം നടത്തിവരുന്നുണ്ട്. കലോത്സവത്തോടനുബന്ധിച്ച് കല-

കായികം, സാഹിത്യം, സാമൂഹിക പ്രവർത്തനം, ശാസ്ത്രം, സംരംഭകത്വം എന്നിങ്ങനെ 5 വ്യത്യസ്ത വിഭാഗങ്ങളിലായി 10 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവാർഡ് നൽകിവരുന്നുണ്ട്.

19-02-2025

**ഡോ ആർ ബിന്ദു**
MINISTER